"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന — പരവൂർ നഗരസഭയിലെ പ്ലാൻ സെക്ഷൻ ക്ലർക്ക് ആർ.കുമാർ-നെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.782/2025/LSGD തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.05.2020 തീയതിയിലെ ഇ3(എസ്.സി. 17/20/കൊല്ലം.) 6542/2020 നമ്പർ കത്ത്.
2. 20.01.2021 തീയതിയിലെ ഇയു2-286/2020-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. 24.09.2021 തീയതിയിലെ സ.ഉ(സാധാ) നം. 1842/2021/തസ്വഭവ
4. കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 18.03.2022 തീയതിയിലെ സി. 4973/2021 നമ്പർ റിപ്പോർട്ട്.
5. പ്രിൻസിപ്പൽഡയറക്ടറുടെ 25.03.2024 തീയതിയിലെ LSGD/PD/1472/2023-VIGA4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരവൂർ നഗരസഭ ഫയർ സ്റ്റേഷനുവേണ്ടി കുറഞ്ഞ വിലയ്ക്ക് ലഭ്യമായ വസ്തുത വാങ്ങാതെ കൂടിയ വിലയ്ക്ക് വയലും കരയുമായ വസ്തു വാങ്ങിയതായ ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 24.01.2020 ൽ നഗരസഭയിൽ നടത്തിയ പരിശോധനയിൽ പരവൂർ നഗരസഭ വിവിധോദ്ദേശ പദ്ധതികൾക്കായി ഭൂമി വാങ്ങുന്നതിനായി എസ്.ഒ. 231/17 പദ്ധതി പ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്ന് സമ്മതപത്രം ക്ഷണിക്കുന്നതിലേയ്ക്ക് 06.10.2016തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം പത്രപ്പരസ്യം ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും പരസ്യനോട്ടീസ് തയ്യാറാക്കിയത് പതിച്ച് പരസ്യപ്പെടുത്തിയെന്ന് അവകാശപ്പെടുന്നതല്ലാതെ ആയത് പത്രങ്ങൾ മുഖേന പരസ്യപ്പെടുത്തയതായി പരിശോധനയിൽ കണ്ടെത്താനായില്ലായെന്നതിനാൽ വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 പ്രകാരം ശുപാർശയുടെ അടിസ്ഥാനത്തിൽ പരവൂർ നഗരസഭ പ്ലാൻ സെക്ഷൻ ക്ലർക്ക് ആർ.കുമാറിനെതിരെ അച്ചടക്ക നടപടി ആരംഭിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോക്ക് സെക്ഷൻ ക്ലർക്ക് ശ്രീ. ആർ.കുമാർ സമർപ്പിച്ചിട്ടുള്ള മറുപടി പ്രകാരം പരവൂർ നഗരസഭയുടെ 2014/10/06-ലെ 4-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം പൊതു ആവശ്യത്തിന് നഗരസഭാ പ്രദേശത്ത് വസ്തു വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. കൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വസ്തു ആവശ്യമുണ്ടെന്ന് കാണിച്ച് നോട്ടീസ് തയ്യാറാക്കി പത്രത്തിലും വില്ലേജ്ഓഫീസ്, മുനിസിപ്പൽ ഓഫീസ്, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും നൽകിയിട്ടുണ്ട്. ഈ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാധാകൃഷ്ണൻ, രാഖികൃഷ്ണൻ, രേഷ്മാകൃഷ്ണൻ, ചരുവിളവീട്, വിനായക, നെട്ടുങ്ങോലം, പരവൂർ എന്ന വിലാസത്തിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് 6- 22/21/20/16.33 സർവ്വേ നമ്പരിൽപെട്ട 37 സെന്റ് വസ്തുവും കോൺക്രീറ്റ് കെട്ടിടവും നഗരസഭയ്ക്ക് ഒരു സെന്റിന് 275000/- രൂപയ്ക്ക് നൽകാമെന്ന് കാണിച്ച് അപേക്ഷ നൽകിയിരുന്നു. ഇതല്ലാതെ മറ്റൊരു അപേക്ഷയും നഗരസഭയ്ക്ക് ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടില്ല. ടി സർവ്വേ നമ്പരിൽപ്പെട്ട വസ്തു വാങ്ങുന്നത് സംബന്ധിച്ച് നഗരസഭയുടെ ഹൈക്കോടതി സ്റ്റാന്റിംഗ് കാൺസലിന്റെ നിയമോപദേശം തേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ ഉടമസ്ഥൻ ഹാജരാക്കുകയും പ്രസ്തുത രേഖകൾ പരിശോധിച്ച് ടി വസ്തു വാങ്ങുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ല എന്ന നിയമോപദേശം ലഭിച്ചതിന് ശേഷമാണ് തുടർനടപടി ക്രമങ്ങൾ സ്വീകരിച്ചത് എന്നും അറിയിച്ചിരുന്നു. കൂടാതെ യഥാവിധി പരസ്യം നൽകിയാണ് വസ്തു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് എന്നും സെക്ഷൻ ക്ലർക്ക് എന്ന നിലയിൽ മനഃപൂർവ്വമായ കൃത്യവിലോപം നടത്തിയിട്ടില്ലായെന്നും പ്രസ്തുത ഫയൽ സംസ്ഥാന ആഡിറ്റ് വകുപ്പ് പരിശോധനനടത്തിയിട്ടുണ്ടെന്നും ആയതിൽ യോതൊരു തടസ്സ വാദങ്ങളും ആഡിറ്റ് വകുപ്പ് പരാമർശിച്ചിട്ടില്ലായെന്നും ആയതിനാൽ മനഃപൂർവ്വമല്ലാത്ത കൃത്യവിലോപമായിക്കണ്ട് തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് ശ്രീ. ആർ.കുമാർ അപേക്ഷിച്ചിരുന്നു.

3. ശ്രീ. ആർ.കുമാർ- നെതിരേ ആരംഭിച്ച അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം 3 പ്രകാരം കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവായിരുന്നു. കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 അന്വേഷണറിപ്പോർട്ട് പ്രകാരം, മേൽ വിഷയത്തിൽ നടത്തിയ വിശദമായ അന്വേഷണത്തിന്റേയും, നഗരസഭാസെക്രട്ടറിയുടെ റിപ്പോർട്ടിന്റേയും, കുറ്റാരോപിതനെ നേരിൽ കേട്ടതിന്റേയും, വെളിച്ചത്തിൽ, പരാമർശ ആരോപണത്തിൽ പരവൂർ നഗരസഭ പ്ലാൻ സെക്ഷൻ ക്ലർക്ക് ആർ.കുമാറിന്റെ ഭാഗത്ത് നിന്നും മനപൂർവ്വമായ വീഴ്ചയുണ്ടായതായി കാണുന്നില്ലായെന്നതിനാൽ ടിയാനെതിരായ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് അന്വേഷണഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുകയുണ്ടായി.

4. ഇക്കാര്യത്തിൽ പരാമർശം 5 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച് റിപ്പോർട്ട് പ്രകാരം പരവൂർ നഗരസഭ 2016-17 വാർഷിക പദ്ധതിയുടെ SO 23/17 നമ്പരായി പൊതു ആവശ്യത്തിന് വസ്തു വാങ്ങൽ എന്ന പേരിൽ നഗരസഭയ്ക്ക് വസ്തു ആവശ്യമുണ്ടെന്ന് കാണിച്ച് നോട്ടീസ് തയ്യാറാക്കി പത്രത്തിലും വില്ലേജ് ആഫീസ്, മുൻസിപ്പൽ ആഫീസ്, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി നൽകിയിട്ടുണ്ടെന്ന് പ്ലാൻ ക്ലർക്കായ ശ്രീ.കുമാർ പ്രതിവാദപട്ടികയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച് രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വർഷാവസാനത്തെ ജോലി ബാഹുല്യതിരക്കിൽ മനപൂർവമല്ലാതെ വിട്ടു പോയിട്ടുള്ളതായാണ് പ്രതിവാദ പത്രികയിൽ വിശദീകരിച്ചിട്ടുള്ളത്. ശ്രീ രാധാകൃഷ്ണൻ നായർ, രാഖികൃഷ്ണൻ, രേഷ്മകൃഷ്ണൻ, ചരുവിള വീട്

നെട്ടങ്ങോലം പി.ഓ എന്ന വിലാസത്തിൽ നിന്നും നഗരസഭയിലേക്ക് വസ്തു നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിലും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുവിന്റെ തരവും ഉപയോഗ സാധ്യതയും സംബന്ധിച്ച് ഫയൽ കുറിപ്പുകൾ കാണാൻ കഴിഞ്ഞിട്ടില്ല. വസ്തു വാങ്ങലുമായി ബന്ധപ്പെട്ട് ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ Title deed certificate വാങ്ങിയതായി കാണുന്നില്ല. ഹൈക്കോടതി സ്റ്റാന്റിംഗ് കാൺസിലിന്റെ Title deed certificate ആണ് ലഭ്യമാക്കിയിട്ടുള്ളത്. വസ്തു വാങ്ങലുമായി ബന്ധപ്പെട്ട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ Sight Suitability Certificate വാങ്ങിയതായി കാണുന്നില്ല. 2000- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ സെക്ഷൻ 3(3)(1)എ പ്രകാരം വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് മുൻസിപ്പൽ ഹെൽത്ത് ഇൻസ്പെക്ടറോ ടിയാന്റെ അഭാവത്തിൽ സർക്കാർ വകുപ്പിലെ ജില്ലാമെഡിക്കൽആഫീസറോ സർട്ടിഫിക്കറ്റ് നൽകിയിരിക്കേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല. സെക്ഷൻ 3(3)(1)ബി പ്രകാരം വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് മുൻസിപ്പൽ എഞ്ചിനീയർ സർട്ടിഫൈ ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച് നിർദ്ദിഷ്ട വസ്തു നഗരസഭയുടെ പൊതു ആവശ്യത്തിന് അനുയോജ്യ മാണെന്ന് മുൻസിപ്പൽഎഞ്ചിനീയർ 04.11.16 ൽ ഫയൽ കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലുക സംബന്ധിച്ച് പ്രത്യേക പരാമർശം നടത്തിയിട്ടില്ല. വാങ്ങിയ വസ്തുവിന്റെ തരം സംബന്ധിച്ചും ആരോപണത്തിൽ പരാമർശിച്ചിരുന്നു. പറവൂർ വില്ലേജ് രേഖകൾ പരിശോധിച്ചതിൽ ബ്ലോക്ക് 33 ൽ നഗരസഭ വാങ്ങിയിട്ടുള്ള 169/6, 169/20, 169/21, 169/22 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 14.83 ആർ വസ്തു നിലവിലും വില്ലേജ് രേഖകൾ പ്രകാരം നിലം എന്ന തരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പറവൂർ നഗരസഭയുടെ 2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി SO 231/17 നമ്പരായി പൊതു ആവശ്യത്തിന് വസ്തു വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി വസ്തു വാങ്ങുന്നതിന്, താൽപര്യ പത്രം ക്ഷണിച്ചു കൊണ്ട് പ്രാദേശികമായും, പത്രത്തിലും പരസ്യം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നൽകിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ലായെന്നതിലും, 2000- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ സെക്ഷൻ 3(3) (1)എ പ്രകാരം വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് മുൻസിപ്പൽ ഹെൽത്ത് ഇൻസ്പെക്ടറോ ടിയാന്റെ അഭാവത്തിൽ സർക്കാർ വകുപ്പിലെ ജില്ലാ മെഡിക്കൽ ആഫീസറോ സർട്ടിഫിക്കറ്റ് നൽകേണ്ടതുള്ളതിനാൽ ആയത് നൽകിയതായി കാണുന്നില്ലായെന്നതിലും സെക്ഷൻ ക്ലർക്കിന്റെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്നുള്ള വിവരവും ആയത് പരിഹരിക്കുന്നതിന് സൂപ്പർ വൈസറി തലത്തിൽ ശ്രദ്ധക്കുറവുണ്ടായിട്ടുണ്ടെന്നുള്ള വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ മേൽ വിഷയത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നില്ലായെന്നും ടി വസ്തുവിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ നിർമ്മിച്ചിട്ടില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോക്ക് സെക്ഷൻ ക്ലർക്ക് ശ്രീ. ആർ.കുമാർ സമർപ്പിച്ചിട്ടുള്ള മറുപടി, കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഔപചാരിക അന്വേഷണറിപ്പോർട്ടിലെ ശുപാർശകൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ പറവൂർ നഗരസഭയുടെ വസ്തു വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി വസ്തു വാങ്ങുന്നതിന്, താൽപര്യ പത്രം ക്ഷണിച്ചു കൊണ്ട് പ്രാദേശികമായും, പത്രത്തിലും പരസ്യം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നൽകിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ലായെന്നതിൽ സെക്ഷൻ ക്ലർക്കിന്റെ ഭാഗത്ത്

നിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്നതിന് സൂപ്പർ വൈസറി തലത്തിൽ ശ്രദ്ധക്കുറവുണ്ടായിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൽ കാണുന്നു. എന്നാൽ ഇക്കാര്യത്തിലുള്ള കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഔപചാരികഅന്വേഷണറിപ്പോർട്ട് പ്രകാരം, പരാമർശ ആരോപണത്തിൽ പരവൂർ നഗരസഭ പ്ലാൻ സെക്ഷൻ ക്ലർക്ക് ആർ.കുമാറിന്റെ ഭാഗത്ത് നിന്നും മനപൂർവ്വമായ വീഴ്ചയുണ്ടായതായി കാണുന്നില്ലായെന്നു കണ്ടെത്തിയിട്ടുള്ളതാണ്.

6. മേൽ സാഹചര്യത്തിൽ കുറ്റാരോപിതനായ സെക്ഷൻ ക്ലാർക്ക് ശ്രീ.ആർ.കുമാറിന്റെ വിശദീകരണവും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും അതിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായവും പരിഗണിച്ച് പരവൂർ നഗരസഭയിലെ പ്ലാൻ സെക്ഷൻ ക്ലർക്ക് ശ്രീ.ആർ.കുമാറിനെതിരെ വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി ടിയാന് 'censure'(ശാസന) നൽകിക്കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ആർ.കുമാർ, പ്ലാൻ സെക്ഷൻ ക്ലർക്ക്,പറവൂർ നഗരസഭ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-03-2025 14:59:54
സെക്ഷൻ ഓഫീസർ